LIBRARY ARCHIVES Kerala Legislative Assembly

കേരള ഫാം ഫ്രഷ് പഴം-പച്ചക്കറി അടിസ്ഥാന വില പദ്ധതി

18 (4406) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ മാഞ്ഞൂർ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന സംഘമൈത്രി സംഭരണ വിതരണ കേന്ദ്രത്തിനെ കേരള ഫാം ഫ്രഷ് പഴം-പച്ചക്കറി അടിസ്ഥാന വില പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് നൽകിയിരുന്ന നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത സംഭരണ വിതരണ കേന്ദ്രത്തിന്റെ കൈകാര്യ ചെലവും ട്രാൻസ്പോർട്ടേഷൻ ചാർജ്ജും നൽകണമെന്ന സംഘത്തിന്റെ ആവശ്യത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ?

പ്രസ്തുത സംഭരണ വിതരണ കേന്ദ്രത്തിന്റെ കൈകാര്യ ചെലവ് ഇനത്തിൽ 3.50 ലക്ഷം രൂപയും ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് ഇനത്തിൽ 10.00 ലക്ഷം രൂപയും കോട്ടയം പ്രിൻസിപ്പൽ കൃഷി ഓഫീസർ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

കരിനില വികസനം

19 (4407) ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ കരിനില വികസന ഏജൻസി വഴി കഴിഞ്ഞ അഞ്ചുവർഷം (2016-21) നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഓരോ പദ്ധതിക്കും അനുവദിച്ച തുകയുടെ വിശദാംശങ്ങൾ നൽകുമോ?

കോട്ടയം ജില്ലയിൽ കരിനില വികസന ഏജൻസി കേരള ഭൂവികസന കോർപ്പറേഷൻ (KLDC) മുഖാന്തരം കഴിഞ്ഞ 5 വർഷം (2016-2021) നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

(എ) വൈക്കം കരിനില വികസന ഏജൻസി 2019-20-ലെ രാഷ്ട്രീയ കൃഷി വികാസ് യോജന എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി വെച്ചൂർ ഗ്രാമ പഞ്ചായത്തിലെ ഇട്ടിയകണ്ടങ്കരി, മാനാടൻ കരി, വലിയ പുറത്തുകരി എ ബ്ലോക്ക്, ചെറുവള്ളിക്കരി, വലിയ വെളിച്ചം എന്നീ പാടശേഖരങ്ങളിൽ നടത്തിയ വികസന പ്രവർത്തനങ്ങൾക്ക് G.O(Ms) No.112/2019/AD പ്രകാരം 3.88 കോടി രൂപയ്ക്ക് ഭരണാനുമതിയും 2.88 കോടി രൂപയ്ക്ക് സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സാങ്കേതികാനുമതി ലഭിച്ച പ്രവൃത്തികൾ തോടിന് ആഴം കൂട്ടൽ- 6050 M (116287.5M3) പണി പൂർത്തീകരിച്ചു. ഫൈനൽ ലെവെൽസ് എടുത്തുകൊണ്ടിരിക്കുന്നു. ബണ്ട് നിർമ്മാണം - 8400 M (48825 M3) പണി പൂർത്തീകരിച്ചു. ഫൈനൽ ലെവെൽസ് എടുത്തുകൊണ്ടിരിക്കുന്നു. എഞ്ചിൻതറയുടെ നിർമ്മാണം-2 എണ്ണം - ഇട്ടിയകണ്ടങ്കരി, മാനാടൻ കരി പാടശേഖരങ്ങൾ - പ്രവൃത്തി പുരോഗമിക്കുന്നു.

എഞ്ചിൻ ഷെഡ് നിർമ്മാണം-2 എണ്ണം - ഇട്ടിയകണ്ടങ്കരി, വലിയ പുതുക്കരി പാടശേഖരങ്ങൾ- പ്രവൃത്തി പുരോഗമിക്കുന്നു.

പമ്പ് സെറ്റ് (പ്രൊപ്പല്ലർ/ആക്സിൽ ഫ്ലോ പമ്പ് സെറ്റ് 50 HP-2 എണ്ണം- അച്ചിനകം, ചെറുവള്ളിക്കരി പാടശേഖരങ്ങൾ-പ്രവൃത്തി ആരംഭിച്ചിട്ടില്ല.

(ബി) വൈക്കം കരിനില വികസന ഏജൻസി രാഷ്ട്രീയ കൃഷി വികാസ് യോജന 2019-20 എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഭാഗമായി നീണ്ടൂർ, അയ്മനം, ആർപ്പൂക്കര ഗ്രാമ പഞ്ചായത്തുകളിലെ വിവിധ പാടശേഖരങ്ങളുടെ പ്രവർത്തനങ്ങൾക്ക് G.O.(Ms)No.112/2019/AD പ്രകാരം 5.864 കോടി രൂപയ്ക്ക് ഭരണാനുമതിയും 2.71 കോടി രൂപയ്ക്ക് സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. സാങ്കേതിക അനുമതി ലഭിച്ച പ്രവൃത്തികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) വൈക്കം കരിനില വികസന ഏജൻസി രാഷ്ട്രീയ കൃഷി വികാസ് യോജന 2018-19 എന്ന പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന വെച്ചൂർ, നീണ്ടൂർ പഞ്ചായത്തുകളിലെ കോയിത്തുരുത്ത്-തൊട്ടുപുറം പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ പ്രവൃത്തികൾക്ക് 0.734 കോടി രൂപയുടെ ഭരണാനുമതിയും 0.382 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്.

സാങ്കേതികാനുമതി ലഭിച്ച പ്രവൃത്തികൾ തോടിന് ആഴം കൂട്ടൽ - 1020 M(12240 M3) പണി പൂർത്തീകരിച്ചു.

ബണ്ട് നിർമ്മാണം - 1020 M (6885 M3) പണി പൂർത്തീകരിച്ചു.

എഞ്ചിൻ ഷെഡ് നിർമ്മാണം- 1 എണ്ണം, കോയിത്തുരുത്ത്-1 എണ്ണം - പണി പൂർത്തീകരിച്ചു.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പമ്പ് സെറ്റ് (പ്രൊപ്പല്ലർ/ ആക്സിയൽ ഫ്ളോ പമ്പ് സെറ്റ് 50 HP-2 എണ്ണം-വിരിപ്പകാല പാടശേഖരങ്ങൾക്ക് ഒരു പണി പൂർത്തീകരിച്ചു. ഒരു പ്രവൃത്തി ഉടൻ തുടങ്ങുന്നതാണ്.

(II) കോട്ടയം ജില്ലയിൽ കരിനില വികസന ഏജൻസി കൃഷി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖാന്തരം താഴെ പറയുന്ന പ്രവൃത്തി ചെയ്തിട്ടുണ്ട്.

വൈക്കം കരിനില വികസന ഏജൻസി-മാനാടൻകരി ഇട്ടിയക്കാടൻ കരിപാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസനം (2017-18)

പമ്പ് ഹൗസ് നിർമ്മാണം-2 എണ്ണം, ഭരണാനുമതി തുക-16.06 ലക്ഷം രൂപ പ്രവൃത്തി പൂർത്തീകരിച്ചു.

(ബി) കരിനില വികസന ഏജൻസി മുഖാന്തരം നടപ്പാക്കുന്ന പദ്ധതികളുടെ ഗുണനിലവാരം പരിശോധിക്കുന്ന സംവിധാനത്തെക്കുറിച്ച് വിശദമാക്കുമോ?

നിർമ്മാണ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഇന്റേണൽ ക്വാളിറ്റി വിഭാഗം (internal monitoring) പരിശോധിക്കുകയും State Level Chief Technical Examiner-ക്ക് റിപ്പോർട്ട് നൽകുകയും ചെയ്യുന്നുണ്ട്.

താങ്ങുവില പദ്ധതി

20 (4408) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21-ൽ കൃഷി വകുപ്പ് തയ്യാറാക്കിയ താങ്ങുവില പദ്ധതിയിൽ അംഗങ്ങളായവർ എത്രയാണെന്ന് വ്യക്തമാക്കാമോ?

അടിസ്ഥാന വില ലഭ്യമാക്കുന്ന പദ്ധതിയുടെ കീഴിൽ 3-8-2021 വരെ 61590 കർഷകരാണ് AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(ബി) അവരിൽനിന്നും വിവിധ സംഭരണ ഏജൻസികൾ വഴി സംഭരിച്ച പച്ചക്കറികളുടെ അളവ് എത്രയെന്ന് വ്യക്തമാക്കാമോ?

സംഭരണ ഏജൻസികൾ വഴി 12804.64 മെട്രിക് ടൺ പഴം പച്ചക്കറികൾ സംഭരിച്ചിട്ടുണ്ട്. ഇതിൽ ഹോർട്ടികോർപ്പ് വഴി 548.82 ടണ്ണും വി.എഫ്.പി.സി.കെ. മുഖേന 12132.64 ടണ്ണും കൃഷി വകുപ്പിന്റെ കീഴിലുള്ള മാർക്കറ്റുകൾ വഴി 123.18 ടണ്ണും സംഭരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly